കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം തിരുവനന്തപുരം നഗരസഭയോട് പഞ്ചായത്തുകൾ കൂട്ടിച്ചേർക്കൽ - ജനന മരണ വിവാഹ രജിസ്ട്രാറുടെ അധിക ചുമതല ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.3408/2010/തസ്വഭവ. തീയതി, തിരുവനന്തപുരം, 01/11/2010.

പരാമർശം :
1. 8/06/2010 ലെ സ.ഉ.(പി) നം. 113/2010/തസ്വഭവ.
2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 30/10/2010 ലെ എച്ച്1/37057/05 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വട്ടിയൂർക്കാവ്, കടപ്പനക്കുന്ന്, ശ്രീകാര്യം, കഴക്കൂട്ടം, വിഴിഞ്ഞം എന്നീ ഗ്രാമ പഞ്ചായത്തുകൾ പരാമർശം(1) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയോട് കൂട്ടിച്ചേർത്തിരുന്നു. ടി പഞ്ചായത്തുകളിൽ സെക്രട്ടറിമാരായിരുന്നു ജനന മരണ വിവാഹ രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്നത്. ഇവ കോർപ്പറേഷനോട് കൂട്ടിച്ചേർത്ത സാഹചര്യത്തിൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒരു രജിസ്ട്രേഷൻ യൂണിറ്റാകുന്ന പക്ഷം ആയത് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതിനും ഇടവരുത്തുന്നതാണ്. ആയതിനാൽ പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഇപ്പോൾ പഞ്ചായത്തുകളിൽ നിലനിൽക്കുന്ന രജിസ്ട്രേഷൻ യൂണിറ്റുകൾ പ്രത്യേക സ്വതന്ത്ര യൂണിറ്റുകളായി കോർപ്പറേഷന് കീഴിൽ നിലനിർത്തുന്നതിനും പഞ്ചായത്തുകൾ കൂട്ടിച്ചേർക്കപ്പെട്ടതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്യുന്നത് വരെ തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ടി പ്രദേശത്തെ ജനന മരണ പൊതുവിവാഹ രജിസ്ട്രാറുടെ അധിക ചുമതലനൽകി ഉത്തരവുണ്ടാകണമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി പരാമർശം(2) പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിലെ താഴെപ്പട്ടികയിൽ ഒന്നാം കോളത്തിൽക്കൊടുത്തിരിക്കുന്ന നിലവിലുള്ള ഹെൽത്ത്

ഇൻസ്പെക്ടർമാർക്ക് രണ്ടാം കോളത്തിൽക്കൊടുത്തിരിക്കുന്ന പ്രദേശങ്ങളിലെ മൂന്നാം കോളത്തിൽക്കൊടുത്തിരിക്കുന്ന വാർഡുകളുടെ ജനന മരണ പൊതുവിവാഹ രജിസ്ട്രാറുടെ അധിക ചുമതലനൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | അധികാരപ്പെടുത്തേണ്ട ഉദ്യോഗസ്ഥൻ | പ്രദേശം | വാർഡുകൾ |
|---|---|---|---|
| 1 | ആറ്റിപ്ര സോണൽ ഹെൽത്ത് ഇൻസ്പെക്ടർ | കഴക്കൂട്ടം സോണൽ | 1, 2, 3. |
| 2 | ഉള്ളൂർ സോണൽ ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീകാര്യം സോണൽ | 4, 8, 9, 10, 11. |
| 3 | നന്തൻകോട് സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ | കുടപ്പനക്കുന്ന് സോണൽ | 12, 19, 20, 21. |
| 4 | ശാസ്തമംഗലം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ | വട്ടിയൂർക്കാവ് സോണൽ | 32, 33, 34, 35, 37 |
| 5 | തിരുവല്ലം സോണൽ ഹെൽത്ത് ഇൻസ്പെക്ടർ | വിഴിഞ്ഞം സോണൽ | 59, 60, 61, 62, 63 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
പി.ശ്യാമള,
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
അക്കൌണ്ടന്റ് ജനറൽ(എ&ഇ)/(ഓഡിറ്റ്)കേരള, തൃശ്ശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : ബഹു. തസ്വഭവ. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
: തസ്വ.ഭവ. സെക്രട്ടറിയുടെ പി.എ.ക്ക്.

ഉത്തരവിൻപ്രകാരം,
സെക്ഷൻ ഓഫീസർ.